പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3180 — 14.07. 2015 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിലെ നിയമനം

ചോദ്യം — ഉത്തരം

ശ്രീ. കെ.എൻ.എ.ഖാദർ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; എങ്കിൽ ഒഴിവുകളിലേയ്ക്ക് ഏത് രീതിയിൽ നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) എല്ലാ ക്വാട്ടകളിലുമായി നിലവിൽ 250 ഒഴിവുകളുണ്ട്. 40% ക്വാട്ടയിലെ ഒഴിവുകൾ പി.എസ്.സി വഴി നേരിട്ടും, 10% ക്വാട്ടയിലെ ഒഴിവുകൾ യോഗ്യരായ ബോർഡ് ജീവനക്കാരിൽ നിന്നും പി.എസ്.സി വഴിയും, 30% ക്വാട്ടയിലെ ഒഴിവുകൾ ഡിപ്ലോമ യോഗ്യതയുള്ള സബ്എഞ്ചിനീയർമാരിൽ നിന്നും പ്രമോഷനിലൂടെയും, 20% ക്വാട്ടയിലെ ഒഴിവുകൾ ഐ.റ്റി.ഐ. സർട്ടിഫിക്കറ്റുള്ള സബ്എഞ്ചിനീയർമാരിൽ നിന്നും പ്രമോഷനിലൂടെയും നികത്താനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) വൈദ്യുതി ബോർഡിന്റെ പ്രസരണ മേഖലയിൽ സ്ഥിരം ജീവനക്കാരെ ഒഴിവാക്കാനും പകരം കരാർ നിയമനം നടത്താനും ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) ഇത്തരത്തിൽ തീരുമാനമെടുത്തിട്ടില്ല. |
| (സി) അതീവ സുരക്ഷയും ജാഗ്രതയും ആവശ്യമുള്ള സബ്സ്റ്റേഷനുകളിൽ സ്ഥിരം ജീവനക്കാരെ ഒഴിവാക്കി മുൻപരിചയമില്ലാത്ത ജീവനക്കാരെനിയമിക്കുന്നത് ഉചിതമാണെന്ന് കരുതുന്നുണ്ടോ; | (സി) ബാധകമല്ല |

| | |
|---|---|
| (ഡി) പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുകയും കരാർ നിയമനങ്ങൾ ഒഴിവാക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ? | (ഡി)കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാണ് നടത്തുന്നത്. സ്ഥിരം തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല. ഫീൽഡ് തലത്തിൽ അടിയന്തിരസ്വഭാവമുള്ള ജോലികൾക്ക് പുറം കരാർ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ